# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 2147 13/06/2019-ൽ മറുപടിയ്ക്ക്

# സ്കൂൾ കൗൺസലർമാർക്ക് അനുവദനീയമായ അവധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. സ്വരാജ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസലർമാർക്ക് നിലവിൽ ഏതെല്ലാം അവധികൾ അനുവദിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസലർമാർക്ക് 15 ദിവസം വരെ അവധി അനുവദിക്കുന്നു. കൂടാതെ പ്രസവാവധി 179 ദിവസംവരെ അനുവദിക്കുന്നു. |
| (ബി) ഇതു സംബന്ധിച്ച് 07/08/2017-ലെ നക്ഷത്രചിഹ്നമിടാത്ത 201-ാം നമ്പർ നിയമസഭ ചോദ്യത്തിന്റെ മറുപടിക്കു വിരുദ്ധമായി 15/05/2018 ന് വനിത ശിശു വികസന ഡയറക്ടർ വനിത ശിശു വികസന ഡയറക്ടർ ICDS-A6/7422/18-ാം നമ്പർ കത്ത് നൽകിയതിനുള്ള കാരണം അറിയിക്കുമോ; | (ബി) പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ സൈക്കോ സോഷ്യൽ കൗൺസലർമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എത്ര കാലം ശമ്പളരഹിത അവധി അനുവദിക്കാമെന്നുള്ള കാര്യത്തിൽ വ്യക്തത നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. സൈക്കോ സോഷ്യൽ കൗൺസലർമാർക്കായി നിലവിലുള്ള സർക്കാർ ഉത്തരവുകളും, നിർദ്ദേശങ്ങളുമനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഇതിനാലാണ് സ്കൂൾ കൗൺസലർമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പളരഹിത അവധി അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല എന്ന് 15/05/18-ലെ ICDS/A6-7422/18 നം. കത്ത് നൽകിയത്. |
| (സി) ഇവർക്ക് അർഹമായ ആരോഗ്യപരമായ കാരണങ്ങളാലുള്ള 45 ദിവസം വരെയുള്ള ശമ്പള രഹിത അവധി | (സി) ഉണ്ട്. സൈക്കോ സോഷ്യൽ പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ സ്കൂൾ കൗൺസലർമാർക്ക് ആരോഗ്യപരമായ കാരണങ്ങളാലുള്ള 45 ദിവസം വരെയുള്ള |

| | | | |
|---|---|---|---|
| | ചില ജില്ലാ ഓഫീസർമാരെങ്കിലും നിഷേധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | | ശമ്പളരഹിത അവധി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുമില്ല. ഇതിനാൽ GHSS തോലന്നൂർ സ്കൂൾ കൗൺസലർ ശ്രീമതി. ഗ്രീഷ്മ കലാധരൻ 30/04/19-ന് നൽകിയ അപേക്ഷയിൽ പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ടിയാളുടെ അപേക്ഷ, മാനുഷിക പരിഗണനയ്ക്കായി അപേക്ഷക നേരിട്ട് വനിത ശിശു വികസന ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ച് കൊണ്ട് നിരസിക്കുകയുണ്ടായി. തുടർന്ന് ശ്രീമതി. ഗ്രീഷ്മ വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി 25/05/19-ലെ ICDS/A6-15941/189 കത്തിലൂടെ ടിയാൾക്ക് ഒരു മാസത്തെ ശൂന്യവേതന അവധി അനുവദിക്കുന്നതിന് പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ച ഉദ്യോഗസ്ഥരുടെ പേരിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**